# 11th Round of India-China Corps Commander Level Meeting

April 10, 2021

# 11 ആം ഘട്ട ഇന്ത്യ ചൈന സൈനിക കമാൻഡർ തല സമ്മേളനം

ഏപ്രിൽ 10, 2021

പതിനൊന്നാം ഘട്ട ഇന്ത്യ-ചൈന സൈനിക കമാൻഡർ തല സമ്മേളനം 2021 ഏപ്രിൽ 09 ന് ചുഷുൽ-മോൾഡോ അതിർത്തിയിലെ മീറ്റിംഗ് പോയിന്റിൽ നടന്നു.കിഴക്കൻ ലഡാക്കിലെ യാഥാർത്ഥനിയന്ത്രണ രേഖയിൽ നിന്ന് സൈനികപിന്മാറ്റത്തെ സംബന്ധിച്ച് ബന്ധപ്പെട്ട അവശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇരുപക്ഷവും വിശദമായ ചർച്ചകൾ നടത്തി. നിലവിലുള്ള കരാറുകളും പ്രോട്ടോക്കോളുകളും അനുസരിച്ച് തീർപ്പു കൽപ്പിക്കാത്ത പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയെ ഇരുപക്ഷവും അനുകൂലിച്ചു. ഈ സാഹചര്യത്തിൽ, മറ്റ് മേഖലകളിലെ പിന്മാറ്റം പൂർത്തിയാക്കുന്നത് സൈനിക ശക്തികളുടെ വ്യാപനം പരിഗണിക്കുന്നതിനും ശാന്തിയും സമാധാനവും പൂർണ്ണമായി പുനസ്ഥാപിക്കുന്നത് ഉറപ്പു വരുത്തുന്നതിനും ഉഭയകക്ഷി ബന്ധത്തിൽ പുരോഗതി സാധ്യമാക്കുന്നതിനും ഇരു വിഭാഗങ്ങൾക്കും വഴിയൊരുക്കുമെന്നും ഉയർത്തിക്കാട്ടി. തങ്ങളുടെ നേതാക്കളുടെ എത്തിച്ചേർന്ന സമവായത്തിൽ നിന്നും മാർഗനിർദേശം സ്വീകരിച്ചു കൊണ്ട്, ആശയവിനിമയവും സംഭാഷണവും തുടരുകയും, അവശേഷിക്കുന്ന പ്രശ് നങ്ങളിൽ പരസ്പരം സ്വീകാര്യമായ പരിഹാരത്തിനായി വേഗത്തിൽ പ്രവർത്തിക്കുക എന്നതും പ്രധാനമാണെന്ന് ഇരുപക്ഷവും സമ്മതിച്ചു. അതിർത്തിയിൽ സംയുക്തമായി സ്ഥിരത നിലനിർത്താനും പുതിയ സംഭവങ്ങൾ ഒഴിവാക്കാനും അതിർത്തി പ്രദേശങ്ങളിൽ സംയുക്തമായി സമാധാനം നിലനിർത്താനും അവർ സമ്മതിച്ചു.

**ന്യൂ ഡൽഹി**
**10 ഏപ്രിൽ, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.